പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3347

14.10.2011-ൽ മറുപടിയ്ക്ക്

## ബ്ലോക്ക് പഞ്ചായത്ത് സ്ഥിരം ജീവനക്കാർക്ക് റ്റി.എ./ഡി.എ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജെയിംസ് മാത്യു | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ബ്ലോക്ക് പഞ്ചായത്തുകളിലെ സ്ഥിരം ജീവനക്കാരുടെ റ്റി.എ/ഡി.എ. ഇനത്തിലുള്ള ചെലവുകൾ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും വഹിക്കണെമെന്നുള്ള ഉത്തരവ് എന്നാണ് പുറത്തിറക്കിയത്;<br>(ബി) ആയത് റദ്ദ് ചെയ്ത് പിന്നീട് ഉത്തരവ് ഇറക്കിയിരുന്നോ;<br>(സി) എങ്കിൽ എന്തു സാഹചര്യത്തിലാണ് മേൽ ഉത്തരവ് റദ്ദ് ചെയ്തത്; | (എ) & (ബി) & (സി) 19.12.2007ലെ 60085/ഇആർബി2/07/ തസ്വഭവ കത്ത് പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളിലെ സ്ഥിരം ജീവനക്കാരുടെ റ്റി.എ/ഡി.എ. ഇനത്തിലുള്ള ചെലവുകൾ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും വഹിക്കാവുന്നതാണെന്ന് ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഈ നിർദ്ദേശം നടപ്പാക്കിയതിൽ വന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ 45655/ഇആർബി2/08/തസ്വഭവ കത്ത് പ്രകാരം പ്രസ്തുത നിർദ്ദേശം പിൻവലിക്കുകയുണ്ടായി. |
| (ഡി) ഇങ്ങനെ റദ്ദ് ചെയ്യുമ്പോൾ ഗ്രാമവികസന വകുപ്പിൽ നിന്നും ഡ്രൈവർമാർക്ക് റ്റി.എ/ഡി.എ നല്കാനുള്ള മതിയായ തുക ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുവദിച്ചു നൽകിയിരുന്നോ; ഏത് കാലയളവു വരെയുള്ള റ്റി.എ/ഡി.എ പൂർണ്ണമായും കൊടുത്ത് തീർത്തിട്ടുണ്ട്; | (ഡി) ഇല്ല. ടി.എ/ഡി.എ പൂർണ്ണമായും കൊടുത്ത് തീർത്തിട്ടുള്ളത് വിവിധ ബ്ലോക്ക് ഓഫീസുകളേയും/ ജീവനക്കാരേയും സംബന്ധിച്ച് വ്യത്യസ്തമായതിനാൽ കൊടുത്ത് തീർത്ത കാലയളവ് ഇപ്പോൾ പറയാൻ കഴിയുകയില്ല. |

| | | | |
|---|---|---|---|
| (ഇ) | ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഈ ഇനത്തിൽ തുച്ഛമായ അലോട്ട്മെന്റ് മാത്രമേ നല്കാനുള്ളൂ എന്ന വിഷയം കണക്കിലെടുത്ത് ഉത്തരവ് പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | ഇക്കാര്യം പുന:സ്ഥാപിക്കുന്നതു സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ